ഉത്തരം

കുറ്റിപ്പുറം സർവ്വീസ് സഹകരണ ബാങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പലിശ, പിഴപ്പലിശ ഇനങ്ങളിൽ ഇളവ് നൽകിയവരുടെ പേരും മേൽവിലാസവും ഓരോരുത്തർക്കും നൽകിയ ഇളവ് തുക എത്രയെന്നതും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ ഇളവ് ലഭിച്ചവർ

35 (4090) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ അഞ്ചു വർഷത്തിനിടെ മലപ്പുറം ജില്ലയിലെ വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പലിശയും പിഴപ്പലിശയും ഒഴിവാക്കി വായ്പ തിരിച്ചടക്കാനവസരം നൽകിയ മുഹമ്മദ്, കൃഷ്ണൻകുട്ടി, കോതാ, കൊലവൻ, അവറാൻ എന്നിവർക്ക് ഓരോരുത്തർക്കും യഥാക്രമം പലിശ, പിഴപ്പലിശ ഇനത്തിൽ എത്ര രൂപയാണ് ഒഴിവാക്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ മലപ്പുറം ജില്ലയിലെ വളാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പലിശയും പിഴപ്പലിശയും ഒഴിവാക്കി വായ്പ തിരിച്ചടയ്ക്കാനവസരം നൽകിയ മുഹമ്മദ് ടി, കൃഷ്ണൻ കുട്ടി, കോതാ, കൊലവൻ, അവറാൻ എന്നിവർക്ക് ഓരോരുത്തർക്കും പലിശ, പിഴപ്പലിശ ഇനത്തിൽ ഒഴിവാക്കിയ തുകയെ സംബന്ധിച്ച വിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു :

സീരിയൽ നമ്പർ	പേര്	പലിശ ഇനത്തിൽ ഒഴിവാക്കിയ തുക	പിഴപ്പലിശ ഇനത്തിൽ ഒഴിവാക്കിയ തുക
1.	മുഹമ്മദ്. ടി	93,970	10,440
2.	കൃഷ്ണൻ കുട്ടി	30,633	3,793
3.	എൻ. കോത	54,926	4,260
4.	കെ. കൊലവൻ	35,610	3,247
5.	എൻ. അവറാൻ	40,303	4,618
	ആകെ	2,55,442	26,358

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly